# ശ്രീധരശ്രീധരം

പ്രസാധകർ:
**സാധൂഗോപാലസമാജം**
ഗോവിന്ദമുട്ടം പി. ഒ., പുതുപ്പള്ളി,
കായംകുളം.

# ശ്രീധരശ്രീധരം

**ഓം ശ്രീ ഗുരവേ നമഃ**

സാധുക്കൾ സാധുക്കൾ ഞങ്ങളേവം
സാധുത്വമല്ലാതെ ഞങ്ങൾക്കെന്തു്

ലോകത്തിൽ നിന്നുമടന്ന പൂക്കൾ
നാട്ടീന്നടന്നു കൊഴിഞ്ഞ പൂക്കൾ

ഇതളുകളെല്ലാമേ പോയി പോയി
വാസനയെല്ലാമേ അററ പൂക്കൾ

അമൃതരസം മാത്രമൂറിയേക്കാം
ആനന്ദമാനന്ദമാനന്ദമേ

അതുഞങ്ങളർപ്പിപ്പൂ
ഭാരതാംബേ!


**സാധുശ്രീധരൻ നായർ**



പ്രസാധകർ:

**സാധുഗോപാലസമാജം**

ഗോവിന്ദമുട്ടം പി. ഒ., പുതുപ്പള്ളി,

**കായംകുളം.**

Malayalam

*Sreedhara Sreedharam*
ശ്രീധരശ്രീധരം

Author
**Sadhu Sreedharan Nair**

Published by:
**Sadhu Gopala Samajam**
Govindamuttom P. O.
Puthuppally· Kayamkulam.

Printed at
A. B. Prass. Chengannur

Copies **501**
Copyright Reserved
14th June 1987
31 Edavam 1162
**ജ്യേഷ്ഠകൃഷ്ണതൃതീയ 1909**

ഓം

## ശ്രീ ഗുരവേ നമഃ

സാഹിത്യം കൈകാര്യം ചെയ്യാത്ത ഞാൻ കുറിച്ചതായ ചില വചനങ്ങളാണ് ഇതിലെ ഉള്ളടക്കം. ഇതിനെ സാഹിത്യമാക്കി ആരും വിശകലനം ചെയ്യരുത്. ഇതിലെ ഓരോ വചസ്സും എന്റെ ഉള്ളിൽ അതായി തിളങ്ങിയതാണ്. അതുതന്നെയാവണം. ഈ വാചകങ്ങൾ ആശയം പൂർണ്ണമായുമുൾകൊള്ളുന്നതാണ്. വിപുലമായി വിവരിക്കപ്പെടാവുന്നതുമാണ്.

സാക്ഷാത്കാരത്തിനും, മനനത്തിനും ഉപയോഗിക്കാവുന്നതാണ്. അഴക്കററതാണ്. അനുഭവത്തിൽ വ്യക്തമാകുന്നതുമാണ്. ജിജ്ഞാസുക്കൾക്ക് സാക്ഷാത്കാരദ്യോതകമാണ്. ആനന്ദാർണ്ണവവുമാണ്. അല്ലാതെ സാഹിത്യം കളിച്ചതല്ല. സാഹിത്യം വെളിപ്പെടുത്തുന്നത് എന്റെ കർത്തവ്യമൊന്നുമല്ലല്ലോ. വ്യാകരണ നീതീകരണവുമെനിക്കാവശ്യമില്ല. പരിശുദ്ധമായ ആശയം സ്ഫുടം ചെയ്തതാണിതിൽ തന്നിരിക്കുന്നത്. വൈയ്യാകരണനേയും സാഹിത്യകാരനേയും ഇതു് ഉപദ്രവിക്കുകയില്ല. ജിജ്ഞാസു ഇതു ജീവൻ പോലെ സൂക്ഷിക്കും, പഠിക്കും മുന്നേറും. അതേ എനിക്കാവശ്യമുള്ളു. ജിജ്ഞാസുക്കളായ എന്റെ പലകുട്ടികളും അതിവേഗം മുന്നേറുന്നുമുണ്ട്. പിന്നെവിടെ പോരായ്മ!

**ഓം തത് സത്**

പുതുപ്പള്ളി
കായംകുളം
24_5_87

**സാധു ശ്രീധരൻ നായർ**



സാധു ശ്രീധരൻ നായർ

ഓം

## ശ്രീഗുരവേ നമഃ

ബ്രഹ്മമേ ഞാൻ വിട്ടും ഞാനായും കളിച്ചുനോക്കാം
ബ്രഹ്മത്തിനല്ലാതെ ഞാനെവിടേ
ബ്രഹ്മത്തിലല്ലാതെ ഞാനെവിടേ
കാലം കളഞ്ഞു കളിച്ചു നോക്കാം
ബോധരസമുറും വഴികാം നോക്കാം.

ആനന്ദ ആനന്ദ ആനന്ദമേ
ആനന്ദിച്ചീടുമ്പോഴാം കാലമില്ലാ
ആനന്ദക്കുട്ടനു കാലനില്ലാ
നാമമതിനില്ല രൂപമില്ലാ
ദേശമതിനില്ല ദിക്കുമില്ലാ.

'ആനന്ദബോധം വഹിപ്പതാര്
ഞാൻ വിട്ട ബ്രഹ്മമേ നീയുമാര്
ആനന്ദബോധമായ് നിന്നു നോക്കാം
ഞാനതിലേറി നിലസ്ഥു നില്ക്കും
ആത്മാവായ് ഘോഷിക്കും ലോകമെല്ലാം.

അത്ഭുത അത്ഭുത അത്ഭുതമേ
ശ്രീധര ആത്മാവൊരത്ഭുതമേ
ആനന്ദമല്ലാതെ മററൊന്നില്ലാ
ബോധരസമല്ലാതൊന്നുമില്ലാ

ഞാനായ ബോധവും ഞാനാണെടോ
ഞാൻ വിട്ട ബോധവും ഞാൻ തന്നെയോ
ബ്രഹ്മം നിനക്കൊരു ഞാനുമില്ലേ
ഞാൻവിട്ട ബ്രഹ്മവും ഞാൻതന്നെയോ
അത്ഭുത അത്ഭുത അത്ഭുതമേ
ശ്രീധര ആത്മാവൊരത്ഭുതമേ.

ഓം

ശ്രീഗുരവേ നമഃ

ശ്രീതിങ്ങും ഭാരതാംബേ
ആത്മാവിൻ നിലയമേ,

മഹത്തുക്കളെടരാടുന്ന
തുംഗ മാഹാത്മ്യമേറും
സമാധി നിലയങ്ങളെ
ഞാൻ ചൊല്ലാൻ ശ്രമിക്കട്ടേ.

ആത്മാ നിൻ കഥനം ഞാൻ
കഥിക്കാൻ ശ്രമിക്കട്ടേ
അത്ഭുത രഹസ്യങ്ങൾ
അറിവായ് പകുത്തുവാൻ
ഞാനുററു ശ്രമിച്ചോട്ടേ
വിജയാലംകൃതേ ദേവി.

ആദിത്യനസ്തമിച്ചാൽ
കൂരിരുൾ നടമാടും
ഏകീഭാവവുമാകും
നിദ്രതാൻ വന്നുചേന്നാൽ
ഏകീഭാവമല്ലാതെ
മറെറാന്നു കണ്ടീടുമോ.

പ്രപഞ്ചവിലക്ഷണം
ബ്രഹ്മത്തെ പാത്തീടുകിൽ

നിർവികല്പമതിലും
ഇരുളതു കണ്ടീടുമേ
ഏകമായ് നിലകൊള്ളും
പ്രകാശ നിലയെടുക്കും

നീലം നിലനിന്നാലും
ആകാശം നിന്നെന്നാലും
മായതാൻ കാണ്മതെടോ.

വെയിലിൽ പൊരിഞ്ഞാലും
അന്ധൻ കാണില്ല സൂര്യം
കൂമന്നിരിട്ടു പകൽ

എങ്കിലുമൊന്നു നോക്കു
ഇരുട്ടിൽ കൂമൻ കാണും
പ്രകാശമില്ലെന്നാലും
സ്വപ്രകാശാൽ കാണുമേ.

അതുപോൽ കണ്ടീടുമേ
ബോധമാം സ്വപ്രകാശാൽ
ഇരുളും തെളിച്ചവും മാറി
സ്വപ്രകാശാലത്ഭുതപടി കാണുമേ.

ബോധമാം സ്വപ്രകാശം
അതുമിന്നി തിളങ്ങിയാൽ
ഇരുളും തെളിച്ചവും മാറും
ബോധം വെളിവായ് കാണുമേ

അതറിയാൻ മാർഗ്ഗമുണ്ട്
ബോധം സ്വായത്തമാകയാൽ
തന്നെ കാണുംപോലെ
അതും കാണുക മഹാമതേ

സുപ്രധാന സമാധികൾ
അത്ഭുതപ്പടി സാധ്യമാം
അതു ഞാൻ വിവരിച്ചോട്ടേ
അമ്മേ കാരുണ്യദായിനീ.

ജാഗ്രത്തിലിരിക്കുന്ന
നിർവികല്പ നിലയിൽ
സ്വപ്നത്തിലുമതു സാധ്യ—
മെന്നങ്ങറിഞ്ഞു വ്യക്തമായ്.

അന്നന്നങ്ങൊരു രാത്രി
സ്വപ്നപ്രജ്ഞനായ് കിടക്കേ
ധ്യാനമങ്ങൂർജ്ജമായ് കണ്ടു
ജാഗ്രത്തിലെന്ന പോലവേ

ശ്രദ്ധിച്ചു ഞാൻ ശ്രദ്ധയാ
സ്വപ്നാവസ്ഥ കവച്ചുവച്ച്
കണ്ടുഞാനഖണ്ഡാകാര–
വൃത്തി ചിന്മയസ്വഭാവനായ്.

പിന്നെമിക്കദിനവും
നിദ്രയിൽ ബോധമെങ്ങ്
നിദ്രയിൽ ബോധമെങ്ങ്
എങ്ങനെ ഞാനറിയേണ്ടു

എങ്ങനെ ബ്രഹ്മത്തിനെ
നിദ്രയിൽ കണ്ടെത്തുക
എന്നിങ്ങനെ ചിന്തയായ്
രാമനും ചൊല്ലീടുന്നു
ദുർല്ലഭമതെന്നതു്.

ആഗ്രഹിച്ചില്ലതിനെ
സാധ്യത കുറകയാൽ
വീണ്ടുമങ്ങങ്ങൊരു ദിനം
അത്ഭുതാത്ഭുതമായി
നിദ്രയിൽ ബോധമതു

നിലനില്പതും അഖണ്ഡ
നിലയതും ശുദ്ധമായ്
ബോധേന നിലനില്പതും
അവ്യക്ത സ്വഭാവവും
അനന്താനന്ദമതും

അത്ഭുത പ്രതിഭാസവും
കണ്ട ഞാനത്ഭുതത്തോടേ
എണീററങ്ങു കൃതാർത്ഥനായ്.

സ്വച്ഛമാം നിർവികല്പ നിലയം
സാക്ഷിയോടൊത്തെന്നാലും
സാക്ഷി ഉണ്ടെന്നറിയാതെ,
സാക്ഷി ഇവിടാത്മാവത്രേ
അറിവതുമവനത്രേ.

ഇനിയും സ്വപ്നപൂരുഷം
കാണാം സ്വപ്നം കാണുക
അല്ലാ, സ്വപ്നമാം പ്രജ്ഞ–
നിലയിൽ നിർവികല്പം
വിഹരിപ്പതു കാൺകയത്രേ.

ദേഹസ്മരണ വിടാനില്ല
അഖണ്ഡേ ദേഹമില്ലെല്ലോ
നിദ്രയിൽ നിർവികല്പം
വിവരിക്കലസാധ്യമാം
നിദ്ര അഖണ്ഡമത്രേ
ബോധമതൊളിക്കുന്നു.

സമാധിസ്ഥനവനോ
നിർവികല്പ നിലയവ–

നതറിയുന്നു, പ്രബോധ
ശൂന്യനതല്ലായ്കയാൽ.

ഇത്രയും ജ്ഞാനവ്യക്ത
ഭാഷയിലിതാ വ്യക്തം
വെളിക്കു കാട്ടീടുന്നു.

ഈ അത്യന്ത രഹസ്യം
അക്ഷരാൽ വരച്ചു ഞാൻ
ബോധത്തിന്റെറാളിനാമ്പു
കാട്ടുന്നേൻ, തെളിഞ്ഞങ്ങു
പഠിക്കുകിൽ, ശ്രീധരൻ
കൃതാർത്ഥൻ താനതിനി
ല്ലൊരു സംശയം ലേശം.

ഭാരതാംബയ്ക്കു ചെയ്തു
അർച്ചന അങ്ങനങ്ങു
ശോഭനമായിടട്ടെ.

നമസ്തേ ജഗദംബികേ
ബോധാനന്ദ രസാമൃതേ
നമസ്തേ ഗുരുക്കന്മാരേ
ഭാരതം നിലനില്ക്കട്ടേ

രാമ! രാമ! രാമ! രാമ!
അഞ്ജനേയ മഹാഗുരോ!

**ഓം തത് സത്**

ഓം

ശ്രീഗുരവേ നമഃ

ജീവരാശിയിൽ ബോധം
സുവ്യക്തം നിലനില്പുണ്ട്
ആയതങ്ങറിയുന്നു
ജീവരാശികളാകെ,

അചരമായ് നിലനില്ക്കും
വൃക്ഷരാശികളതും
വഹിക്കുന്നുണ്ട ബോധം
എന്നതും സുവ്യക്തം താൻ.

ആയപോൽ പദാർത്ഥത്തിൽ
ജീവനമുണ്ടെന്നോർക്ക
ആയതും ജീവിക്കുന്നു
ബോധത്താൽ പ്രവർത്തിപ്പൂ.

പേടിക്കവേണ്ട കുഞ്ഞേ
ജീവനേ ഉള്ള ലോകേ
ജീവനെ നോക്കിയാലോ
ബോധത്താൽ പ്രവർത്തിതം.

ചൊല്ലാം ഞാനതുകൂടി
അതിൻ മഹത്സമ്മതമതേ,
അതേ ശാസ്ത്രസമ്മതമതും.

''സ ഏവ സംവിത്സപുമാ
നഹന്താ പ്രത്യയാത്മകഃ
സ യദോദേതി സംവിത്യാ
സ പദാർത്ഥ ഇതിസ്മൃതാ.
സ സങ്കല്പ വികല്പാദൈഃ
കൃത നാനാക്രമോ ഭ്രമൈഃ
ജഗത്രയ സ്ഫുരത്യംബു
തരംഗാദിതയാ യഥാ

പ്രാഗ കാരണ മേവാശ്രു
സർഗാദൗ സർഗ ലീലയാ
സ്ഫുരിത്വാ കാരണം ഭ്രുതം
പ്രത്യക്ഷം സ്വയമാത്മനി

ശ്രുപാ ലോക മനസ്സാര
പദാത്ഥ വ്യാകുലം ജഗത്
വിദ്യതേ വേദനസ്യാന്തർ
വാതന്തഃ സ്പന്ദനം യഥാ''

''സർവം കിഞ്ചിദിദം ദൃശ്യം
ദൃശ്യതേ ചിജ്ജഗദ്ഗതം
ചിന്നിഷ്പന്ദാംശ മാത്രം
തന്നാസ്യ ദ സ്തീതി ഭാവയ''.

വൃക്ഷരാശികൾ നോക്കാം
തെങ്ങിന്നിലകൾ നോക്കു
മാവില പോലെയല്ലെല്ലോ
മാങ്ങയും തേങ്ങപോലല്ലാ

ഇങ്ങനങ്ങളവററ
പ്രകൃതമതിരിക്കുന്നു
ബോധമാണതു കുഞ്ഞേ
ഉള്ളിലേ ഈശനിലത്രേ.

അങ്ങനങ്ങീ ജീവികൾക്കും
കാണു കങ്ങാത്മ നില.

ഇവിടേയും നിറുത്തേണ്ടാ
കാൺകെടോ പദാത്ഥത്തിൽ
ജീവനമുണ്ടു കാട്ടാം.

ഉപ്പതു ജലമാകുമ്പോൾ
മററൊന്നിലും ചേർന്നീടാതെ

തിരിഞ്ഞു നിന്നീടുന്ന
രസനയാൽ പരിശോധിച്ചാൽ
വ്യക്തമായറിയാം കുഞ്ഞേ.
ഉപ്പുതു പരലായാലും
സുവ്യക്തം തിരിഞ്ഞു നില്പൂ
രൂപമങ്ങൊരു തരം
സ്വാദുകൊണ്ടു തിരിഞ്ഞാദ്യം
രൂപംകൊണ്ടു പിന്നീടും
പഞ്ചസാര ജലമായാൽ
സ്വാദിഷ്ടം മധുരമാണെടോ
പരലിന്നു രൂപം വേറെ
അതുപോലോരോരോ
പദാൎത്ഥവും മാറുന്നു
രൂപമതും വ്യവസ്ഥപ്പടി.
പരലാകും നേരം പാൎത്താൽ
ഓരോരോ തരമായ് തീരും
ഉള്ളിലേ ഈശൻ തട്ടി
കൂട്ടുന്നു വിവിധങ്ങളായ്
ഇതിനെ ഞാൻ വിവരിപ്പൻ
അതുകേട്ടങ്ങുണരുക.
ഉപ്പുതു ജലത്തിൽ വീണാൽ
ജലമതിനെ വിഴുങ്ങുന്നു.
വീണ്ടുമങ്ങുപ്പേററിയാൽ
ഉപ്പുതങ്ങലിയുകില്ലാ
അതിൻെറ പരലതിന്മേൽ
ആയത്തു പററിക്കൂടി വംശത്തെ
രക്ഷിക്കുന്നു മാത്രമല്ലാ
അതിൻെറ പരലെല്ലാം
ചെറുതും വലുതുമായാലും
രൂപത്തിലൊരുപോലാകും.
ഇതുപോലെ ധാതുക്കളെല്ലാം

ഇങ്ങനേതോ കളിക്കുന്നു
ജീവനല്ലെന്നാക്കു പറയാം
ബോധമല്ലെന്നാർ പറയും.

പ്രകൃതിയെന്നു പറഞ്ഞീടാൻ
പ്രാപഞ്ചികർ ശ്രമിച്ചീടും
ഫലമെന്തേ പറയുവാൻ

കേനേ പറയുന്ന കേരംക്കാം
ബ്രഹ്മമാജ്ഞിപ്പതില്ലെങ്കിൽ
ആക്കുമൊന്നും സാദ്ധ്യമതല്ലെന്നു്
അഗ്നിയിൽ പ്രവേശിതം ബോധം
അഗ്നിയിൽ പ്രവേശിതം ബ്രഹ്മം
ബോധമതികളാമഗ്നിയണു–
രേണുക്കളെതെട്ടുത്തു നിലകൊ
ണ്ടങ്ങു നിലനിന്ന നേരത്തിങ്കൽ
കത്തിയില്ല രേണുക്കരം സ്തംഭിച്ച
നിലയാകയാൽ, ബോധത്താൽ
പ്രവർത്തിതം പദാത്ഥമറിയണം.

ബ്രഹ്മമെന്നോതുവതുപ്രജ്ഞാന
ഘനബ്രഹ്മമെന്നതേവനും
അറിയേണം, ഇതുകൊണ്ടു
മടങ്ങേണ്ടാ ചൊല്ലാം ഞാൻ
ചിലതും കൂടി, അതുകൂടി കേട്ടിട്ടു
തീരുമാനിക്ക വേണ്ടപോൽ

അഗ്നിയിൽ പ്രവേശിതം ബോധം
അഗ്നിയിൽ പ്രവേശിതം ബ്രഹ്മം
അഗ്നിയായു് നിന്നതാം ബ്രഹ്മം
ബോധമതികളാമഗ്നിയാ

മണ്ണു രേണുക്കളെ തട്ടുത്തുനില
കൊണ്ടു നില്ക്കുന്ന നേരത്തിങ്കൽ
കത്തിയില്ലഗ്നി സ്തംഭിച്ച നില
ആകയാൽ ബോധപ്രവർത്തിതം
പദാർത്ഥമതെന്നറിയേണം.

ബ്രഹ്മമെന്നോതുവതു പ്രജ്ഞാന
ഘനമോർക്ക ആയപോലെ
പരളിൻ രേണുക്കൾക്കുമേകുന്ന
ബോധത്തിനാൽ സംഘടിക്കു
വതിന്നായിട്ടാജ്ഞയെന്നോർക്ക.

''സസങ്കല്പ വികല്പാദ്യൈ
കൃത നാനാക്രമോ ഭ്ര മൈ:
ജഗത്രയം സ്ഫുരതംബു
തരംഗാദിതയാ യഥാ''

''സർവം കിഞ്ചിദിദം ദൃശ്യം
ദൃശ്യതേ ചിജ്ജഗദ്ഗതം
ചിന്നിഷ്പന്ദാംശമാത്രം
തന്നാസ്യ ദസ്തീതി ഭാവയഃ''

പ്രജ്ഞാനമതെട്ടുത്തു
ബ്രഹ്മമെന്നോതി ശ്രുതി
പ്രജ്ഞാന വാഹകൻ പോൽ
തോന്നിയോരാമതേകാട്ടി
നോക്കിനേനായതും
ബ്രഹ്മമെന്നോതി ശ്രുതി
തത് അതു് അതു് എന്നു

ചൊല്ലും പദമതും കാട്ടി
ആയതും നീയെന്നും കാട്ടി
ബ്രഹ്മമെന്നുമുറപ്പാക്കി
വ്യക്തിഗത ആത്മാവിനെ
കാട്ടിനേൻ നാലാമതും
ആയതും ബ്രഹ്മമെന്നു
കാട്ടി തള്ളി ശ്രുതിയതും
എന്തിനേറെ പറയുന്നു
സർവം ഹ്യേതത് ബ്രഹ്മ:

ഓം

# ശ്രീ ഗുരവേ നമഃ

ശാരിക പൈതലാം ചാരുശീലാ
ആത്മഗീതം നമുക്കല്ലും പാടി നോക്കാം
വന്ദ്യ മഹാത്മാക്കൾ പാടുംപോലെ
സാധുക്കൾ നമ്മൾക്കും പാടിനോക്കാം.

ലോകക്കിതാനന്ദ മേകുവാനായ്
ഉദ്ദേശശുദ്ധിയിതിന്നുണ്ടല്ലോ
പാടാം നമുക്കല്ലും പാടിനോക്കാം
ആനന്ദമെല്ലാമേ നഷ്ടമായോ
കൈവിട്ടു പോയതായ് തോന്നിടുന്നോ

എല്ലാരും കർമ്മികൾ
എല്ലാരും ദുഃഖികൾ
ന്യായം തടുത്തു പറഞ്ഞിടുന്നു
ആരു ചെവിക്കൊൾവൂ
ആരു ശരി നോക്കും
ഈശനിൽപോലുമേ
തെററു കാണ്മൂ

കുഞ്ഞുങ്ങൾ ചിരട്ടയിൽ പൂഴിയിട്ട്
അടുപ്പത്തു കൂട്ടിപചിക്കുന്നില്ലേ.
വേകില്ല — വേവില്ല എന്നായാലും
ആയതു തട്ടിക്കളഞ്ഞു നോക്കു
തലയിട്ടറയും കരച്ചിൽ കാണാം.

അതുപോലൊരു കളി കളിച്ചു നോക്കാം
മാനിച്ചീല്ലെന്നാലും നശിപ്പിക്കില്ലാ

ആയതുമെല്ലെ കിളിർത്തു പൊങ്ങും
ആയതു കണ്ടു രസിച്ചു പാടാം.
എന്തൊന്നു പാടി രസിക്കും നമ്മൾ
പാടാനും നമ്മൾക്കറിഞ്ഞുകൂടാ
എന്നാലും നമുക്കൊന്നു പാടിനോക്കാം
ഈശനങ്ങുണ്ടല്ലോ രസിച്ചറിയാൻ

ഉള്ളിലഹംകൃതി
നമ്മൾക്കില്ലാ
ഉള്ളതെല്ലാമേ
ഈശൻമാത്രം

ഈശൻ രസിച്ചാൽ
രസിക്കാമെടോ
പാട്ടു നമുക്കല്ലും
പാടി നോക്കാം.

ബ്രഹ്മമേ, ബ്രഹ്മമേ, ബ്രഹ്മമേ, ബ്രഹ്മമേ
നീപരിപൂർണ്ണനായ് എന്നും നില്പൂ
പൂർണ്ണത്തിൽ നിന്നും സ്ഫുരിക്കുമാത്മാവതു്
പൂർണ്ണമതല്ലാതെയായിതീർന്നോ

ഞങ്ങൾക്കു താങ്ങു നീ
ഞങ്ങളും നീ തന്നെ
തള്ളിക്കളയുവാനെ
ങ്ങാണിടം എങ്ങാണിടം.

ബ്രഹ്മം പുളിച്ചില്ലാ
തയിരതുമായില്ലാ
ബ്രഹ്മമതല്ലാതെ
ഒന്നുമില്ലാ

ഇടമതിലല്ലില്ലല്ലോ
അവകാശം പററുവാൻ
ആരാണു നമ്മളെ
രണ്ടാക്കുവാൻ

വേറായിമാററീട്ട
ങ്ങൊററപ്പെടുത്തുവാൻ
വേറോരാൾ നോക്കു
വാനാളാരെടോ

വേവില്ല ആ അരി
വേവില്ലിവിടത്തിൽ
ഭാരതീദേവിക്കു
വത്സങ്ങൾ ഞങ്ങൾ ഹേ

പണ്ടൊരു കാലത്തു പഞ്ചശരൻ
ഭാരതീവത്സൻെറ സന്നിധിയിൽ
മയക്കമരുന്നുമായ് ചെന്നുചേർന്നു
മെല്ലെ പ്രയോഗം തുടന്ന നേരം
ചൊല്ലിക്കൊടുത്താനപഴങ്കരന്തം
ശങ്കരൻ ദേഹം തകൎത്ത കഥ

''കന്ദപ്പാ കളിക്കേണ്ടാ
ഹന്ത ഞാൻ ശിവ ഭക്തനാണ്''

മറക്കില്ല മറക്കില്ല ആ വചസ്
വിടുകില്ല വിടുകില്ല ബോധമാൎഗ്ഗം
വെടിയില്ല വെടിയില്ല തേജസൊട്ടും
അമ്മേ നിനക്കു ഞാൻ പുത്രനെങ്കിൽ
ധീരത തന്നു ഞാനെവിടെ പോണം
ധീരബോധമതല്ലാതെയെന്തെനിക്ക്

ബോധമേ ദുഃഖം നിനക്കില്ലല്ലോ
ബോധത്തിലെങ്ങാണു ദുഃഖവ്യൂഹം
ഏകമായ് ഏകമായ് മുഴപ്പില്ലാതെ
എങ്ങും തിളങ്ങുന്ന ബോധരൂപാ
എന്നും തിളങ്ങുന്ന ബോധരൂപി
നീ അല്ലാ ഞാനെങ്കിൽ
നീ അല്ലാ ഞാനാമിട മതിങ്കൽ
നീ ഇല്ലാതായി നീ ഭിന്നനാകും
പോയീനിൻ വൈഭവമെല്ലാമപ്പോഠം
നീതന്നെ ഞാനെന്നു ചൊല്ലു നീയും
അടക്കാം നമുക്കീ വചസതെല്ലാം

ആത്മാർത്ഥ മൗനത്തിലെത്തിനില്ക്കാം
ആത്മാർത്ഥ മൗനത്തിലെത്തിനില്ക്കാം.

ഓം തത് സത്

ഓം

## ശ്രീ ഗുരവേ നമഃ

# അഹം ബ്രഹ്മാസ്മി

ചിദംബരത്തെ വചസിനാൽ എത്ര മേൽ പ്രകാശിപ്പിക്കാമോ അത്രമേൽ പ്രകാശിപ്പിക്കലത്രേ ഇതിനാലുദ്ദേശ്യം.

ബോധാമൃതവർഷം കാട്ടി ഭാരതീവത്സന്മാരെ ആനന്ദസാഗരേ ആറാടിക്കലത്രേ ഇതിനാൽ സാധിതം. ബോധാനന്ദ രസോസ്മ്യഹം എന്ന ദിവ്യ വചസിലേക്കു മുന്നേറുന്ന കുഞ്ഞുങ്ങൾക്കു താങ്ങായി നില്ക്കലത്രേ ഇതിനാൽ കൃതം.

ജന്മമെടുത്തു എന്നു കണ്ടുകൊണ്ടിരിക്കുന്ന തോന്നലിന്റെ അസഹ്യതയ്ക്കു പരിഹാരമാണു മനുഷ്യരാശി എരിതീയിൽ മോചനമെന്നപോലെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതു്. ഇങ്ങനൊരു തോന്നലാർക്കുണ്ടായി, എന്തിനുണ്ടായി, എങ്ങനുണ്ടായി, ആരുത്തരവാദി ഇതെല്ലാം കാതലായ ചിന്താവിഷയങ്ങളാണു്.

വിശ്വവിശാലതയും, മായാപ്രഭാവവും, അതീവബോധവും വിസ്മരിക്കപ്പെടാതെയും തരം താഴ്ത്തപ്പെടാതെയും കൈകാര്യം ചെയ്വതു് പ്രയാസമെങ്കിലും ഈ സാധു അങ്ങനെതന്നെ ശ്രമിക്കട്ടെ.

ബ്രഹ്മത്തിൽ നിന്നു് പ്രപഞ്ചത്തെ കാണുകയോ പ്രപഞ്ചത്തിൽ നിന്നു് ബ്രഹ്മത്തെ വീക്ഷിക്കുകയോ ഏതാണു് രസാത്മകം ?

എല്ലാം കളിക്കാം,

ഈക്ഷണശക്തി ബ്രഹ്മത്തിനാണുള്ളതു്, അല്ലാതെ പ്രപഞ്ചത്തിനല്ല. ആകയാലീക്ഷിക്കുന്നതു് ബ്രഹ്മമാണു്. അല്ലാതെ പ്രപഞ്ചമോ പ്രധാനമോ അല്ലല്ലോ. പ്രപഞ്ചമോ പ്രധാനമോ ഈക്ഷിക്കുന്നതായി ശ്രുതി ഘോഷിക്കുന്നുമില്ല.

ബ്രഹ്മം ഈക്ഷിക്കുന്നു എന്നു പറഞ്ഞാൽ അതറിഞ്ഞുനിലകൊള്ളുന്നു എന്നുവേണം അർത്ഥമാക്കാൻ. അതിൻെറ പ്രകടീകൃത വൈഭവം അതിൻെറ അത്ഭുത രഹസ്യങ്ങൾ അഴിച്ചു കാട്ടുന്നു കാണുന്നു എന്നുമാകാം. ബ്രഹ്മത്തിനു് വൈകാരികത്വം ഇല്ലാത്തതുകൊണ്ടു് അഥവാ വൈകാരിക അധീനനുമല്ലാത്തതുകൊണ്ടു് അതും പറഞ്ഞുകൂടാ.

ഇനിയും ഒന്നു നോക്കാനുള്ളതു് ബ്രഹ്മത്തിൻെറ ഈക്ഷണശക്തി കൊണ്ടു് ആർക്കാനും തകരാറുണ്ടോ എന്നതാണു്. അതും നമുക്കു കൂലംകഷമായി ചർച്ച് ചെയ്യേണ്ടിയിരിക്കുന്നു. ബ്രഹ്മത്തിൻെറ ശക്തി മായയാണെന്നും, അതിൽ വിദ്യാമായയെന്നും അവിദ്യാമായയെന്നും, രണ്ടു പ്രകൃതി ഉണ്ടെന്നും അതിൽ വിദ്യാമായ അവിദ്യാമായയിൽ നിന്നുമുണ്ടായി എന്നു വന്നാലും അതു് അവിദ്യാ മായയെ നിശ്ശേഷം നശിപ്പിക്കുന്നതാണു്. വാഴക്കുല വാഴയെ നിശേഷം നശിപ്പിക്കുന്നതുപോലെ. അതിനുശേഷം വാഴക്കുലയും സ്വയം നശിക്കുന്നു.

ഇനിയും അവിദ്യാമായയിലേക്കു കടക്കാം. ബ്രഹ്മത്തിൽ നിന്നും പുരുഷനും പുരുഷനിൽ നിന്നു് അവ്യക്തവും അവ്യക്തത്തിൽ നിന്നും പ്രധാനവും

പ്രധാനത്തിൽ നിന്നും മനസ്സും, ഇന്ദ്രിയങ്ങളും പ്രാണനും ദേഹവും പ്രപഞ്ചവും ഇങ്ങനെ ഈ കാണുന്നതഖിലവും ഉണ്ടാകുന്നതായിട്ടറിയുന്നു.

ഈ ശക്തി തന്നെ ഇന്ദ്രിയദ്വാരാ ആയപ്പോൾ കാണലായി, കേൾക്കലായി, രുചിക്കലായി, സ്പർശിക്കലായി; മനസ്സിൽക്കൂടി ആയപ്പോൾ വിചാരിക്കലായി, ഓക്കലായി, മറക്കലായി, ആഗ്രഹിക്കലായി, ചിന്തിക്കലായി, വാസനയായി; പ്രാണനിൽക്കൂടി ആയപ്പോൾ ശ്വസിക്കലായി, ഉച്ഛ്വസിക്കലായി, പൂരകമായി, രേചകമായി, കുംഭകമായി, ശബ്ദിക്കലായി, വാക്കായി, വാചകമായി; ബുദ്ധിയിൽക്കൂടി ആയപ്പോൾ അത്ഥമായി, ആശയമായി, പൊരുളായി, അരുളായി ഇങ്ങനെയെല്ലാം വന്നുചേന്നു. ഇവിടെയും നില്ക്കാതെ അനുഭവമായ്, ആനന്ദമായ്, ആത്മാവായ്, ബ്രഹ്മമായ് ഇതത്രേ പരാശക്തിയുടെ പടർപ്പ്.

ഭാരതം അപൂർവമായിട്ടെങ്കിലും മായയെ നിഷേധിക്കുന്നുണ്ട്. ജഗത്തുണ്ടെന്നു വന്നാലേ മായയുണ്ടെന്നു വന്നീടൂ. ഗ്രഹണം കാണുന്ന നേരത്തേ രാഹുവേ കണ്ടുമുട്ടീടൂ.

ജഗത്തു സങ്കല്പസൃഷ്ടമായാൽ മായയത്രേ സങ്കല്പകാരണമാം. ജഗത്തെ സമ്മതിച്ചെന്നാൽ മായയേയും സമ്മതിക്കണം.

ജഗത്തു സ്ഥൂലമെങ്കിൽ മായയത്രേ സൂക്ഷ്മമാം.

കയറത്രേ സപ്പമല്ലാ സപ്പമത്രേ കയറുമല്ലാ. രണ്ടുമല്ലാത്ത ഭ്രാന്തി അഥവാ അദ്ധ്യാസം മായയെന്നോതീടുന്നു. അതത്രേ മായാജ്ഞാനം.

അതിൻെറ ഫലമത്രേ ജഗത്ത്. മായ പുഷ്പമെങ്കിൽ ജഗത്തു ഫലമത്രേ.

മായയെ പഠിപ്പിക്കാതെ സങ്കല്പത്തെ പഠിപ്പിച്ചാൽ മായ ഒഴിയും അഥവാ ഒഴിക്കാം. സങ്കല്പമവിടെ ബ്രഹ്മത്തിൻ ശക്തി അത്രേ. അതിനെ വിവരിച്ചാൽ മായ ഇല്ല തന്നെ. സങ്കല്പമതുണ്ടതാനും. ഭ്രാന്തി ആക്ക്. ഭ്രമവും സൂക്ഷ്മസങ്കല്പമത്രേ. അപ്പോഠം സങ്കല്പത്തിലും മായയില്ല. ബോധത്തിൽ പിടി വിട്ട സങ്കല്പമത്രേ ഭ്രാന്തി. ഭയവുമതിനാലത്രേ. ഭീരുത്വവുമതിനാലത്രേ.

പാശം, പശു, പശുപതി ഇതെല്ലാമെങ്ങിനെ വന്നു. അതുസങ്കല്പമത്രേ. സങ്കല്പമാത്രത്താൽ പശുത്വം വന്നു, പാശവും വന്നു. മോചിപ്പിച്ചതു് പശുപതിയും, ഇതിലത്ഭുതമെന്തു്.

ബ്രഹ്മത്തിനു പശുത്വമോ ? ബ്രഹ്മത്തിനു പശുത്വമില്ലെങ്കിൽ പാശമാക്ക്. പശു ആരു്, ബന്ധം ആക്ക്. പശു പാശം വിട്ടാൽ പശുപതി.

പശുപതിക്കു പശുവുണ്ടോ പാശമുണ്ടോ പശുപതിയല്ലാത്ത പശു ആരു്.

പശുപതിയുടെ സങ്കല്പത്തിലല്ലാതെ പശുപാശങ്ങളെവിടെ. പശുവായ് നിന്നു് പാശത്തെ കാണുകയോ, അതു പശുപതി സങ്കല്പം.

പശുവായ് തോന്നി നില്ക്കാതെ പശുപതിയായ് അറിഞ്ഞു നില്പതു് സിദ്ധാന്തം. പ്രപഞ്ചമില്ലെന്നറിഞ്ഞു ബോധമായ് നില്പതത്രേ വേദാന്തം. എന്താ ഭേദം.

എന്താണു പാശം. പ്രപഞ്ചമുണ്ടെന്നു തോന്നി അതിൽ മുറുകെ പിടിക്കലത്രേ പാശം. കടല കൈ വിടാതെ ഡപ്പയിൽ നിന്നും കൈയെടുക്കാതെ കൈ യെടുക്കാനൊക്കുന്നില്ലേ എന്നു വിലപിക്കലത്രേ പാശം. മലവിസർജ്ജനം ചെയ്തു കുഞ്ഞുങ്ങൾ വിസ ർജ്ജിച്ചതിനെ മുറുകെ പിടിക്കാൻ പ്രേരിപ്പിക്കുന്ന അറിവത്രേ പാശം.

''പാശബദ്ധസ്തഥാ ജീവോ
പാശമുക്തസ്തഥാ ശിവഃ''

ഉപാസനയിലും ഭാരതൻ പൂർണ്ണമായി വിശ്വസി ക്കുന്നുണ്ട്. അതിനവൻ സ്വീകരിച്ചിരിക്കുന്ന ന്യായം മറ്റൊരു മതവും കണ്ടി കണ്ടില്ല.

ഉപാസനയിലെ ജപം, വ്യക്ത്യധിഷ്ഠിത നാമ ങ്ങൾ, അവസ്ഥ് ഉത്തമാധികാരിക്കുപോലും നിഷേ ക്കുവാനാവാത്ത വേദാന്തപരമായ അർത്ഥങ്ങൾ, അങ്ങ നെപോകുന്ന സരണിയിലേയ്ക്ക് നമുക്കല്പം കടക്കാം.

''ഓം വിശ്വം വിഷ്ണു വഷട്കാരോ
ഭൂതഭവ്യ ഭവത്പ്രഭുഃ
ഭൂതകൃദ്ഭൂതഭൃദ്ഭാവോ
ഭൂതാത്മാ ഭൂതഭാവനഃ''

ഉപാസനസ്തുതിപ്രധാനമായിട്ടംഗീകരിക്കപ്പെട്ട ശ്രീവിഷ്ണുസഹസ്രനാമത്തിലെ ആദ്യവരികളാണിവ. ഇതിലേക്കു തന്നെ നമുക്കു കടന്നു നോക്കാം.

''ഓമിത്യേതദക്ഷരമിദം
സർവം തസ്യോപവ്യാഖ്യാനം
ഭൂതം ഭവത് ഭവിഷ്യത്
ഇതി സർവമോങ്കാര ഏവ

യച്ചാന്യാത് ത്രികാലാതീതം
തദപ്യോങ്കാര ഏവ
സർവം ഹ്യേതദ് ബ്രഹ്മ''.

ഓമെന്നറിയുന്ന ഈ നാശരഹിതവസ്തു ഈ കാണുന്ന സർവവുമാകുന്നു. അതിന്റെ വ്യാഖ്യാനമാണെങ്കിൽ ഭൂതം–മുമ്പുണ്ടായിരുന്നതു്, ഭവത്–നിലവിൽ കാണപ്പെടുന്നതു്, ഭവിഷ്യത്–ഭാവിയിലുണ്ടാകാനിരിക്കുന്നതു് ഇവയെല്ലാം തന്നെ ഓങ്കാരമാകുന്നു. ഓമിനെ തന്നെയാണു് വിഷ്ണുഭഗവാന്റെ ആദ്യനാമമായി രേഖപ്പെടുത്തിയിരിക്കുന്നതു്. ഇതിൽ നിന്നും അന്യമായി ത്രികാലാതീതമായി നിലകൊള്ളുന്നതും ഓങ്കാരംതന്നെയാണു്, ഇപ്രകാരം മുൻപറഞ്ഞ ജഗത്തും ത്രികാലതീത നിർവിശേഷവും ഓം തന്നെയാകുന്നു. അങ്ങനെയുള്ള സർവ്വവും ഓംതന്നെയാകുന്നു. അങ്ങനെ വിഷ്ണുപര്യായമായ ഓം ബ്രഹ്മനാമം തന്നെ. ഇതുപലയിടത്തും പറയുന്നുമുണ്ടു്. അടുത്തതു് വിഷ്ണുപദംതന്നെയാണല്ലോ. വിഷ്ണു എന്ന പദംകൊണ്ടു് വിശ്വം മുഴുവൻ വ്യാപിച്ചു നിലകൊള്ളുന്നവൻ ഓം അല്ലെങ്കിൽ ബ്രഹ്മം. ഇങ്ങനെ വിഷ്ണു ശബ്ദവും. യജിക്കപ്പെട്ടതേതോ അതുതന്നെ യജ്ഞം, അതുതന്നെ വഷട്കാരം. ഈ പുരുഷനാകുന്ന യജ്ഞം തന്നെ വഷട്കാരം. അങ്ങനെ വഷട്കാര ശബ്ദേന ഓമിനേയും വിഷ്ണുപുരുഷാത്മകനാകയാൽ വിഷ്ണുവിനേയും വഷട്കാര ശബ്ദത്താൽ കുറിക്കപ്പെടുന്നു. ഇതുപോലെ മററു പദങ്ങൾക്കും അർത്ഥം കാണണം.

ഇങ്ങനെ പദാർത്ഥങ്ങളെക്കൊണ്ടു പര്യായവും, പര്യായങ്ങളെകൊണ്ടു നാമങ്ങളും പുലരുന്നു. ഇപ്രകാരേണയുള്ള നാമങ്ങളെ പ്രണവ പര്യായങ്ങളാക്കി തീർത്തതിനെ മന്ത്രസ്ഫുടം ചെയ്ത നാമങ്ങൾ എന്നു

പറയാം. ആ നാമങ്ങളെയാണ് ഹൈന്ദവധർമ്മം പുല ത്തുന്നതു്. ഈ വിധി മററാരും തന്നെ ആദരിച്ചുകാണു ന്നില്ല എന്നാണു് മുമ്പു പറഞ്ഞ നിഗമനത്തിനാധാരം.

ഈ കാരണങ്ങളാലൊക്കെയാണു് ഉത്തമാധികാ രിപോലും ആയതിനെ മാനിക്കുന്നതു്.

ഇനിയും രൂപത്തെ എടുത്താലോ, അതിനെന്താ ഭ്രഷ്ടു്. വിശാലമായ വിശ്വരൂപത്തിൻെറ ബൃഹ ത്തായ നിലയാണു്. അതിൽ ആകാശം പോലും നിലകൊള്ളുന്നു, ആ ജഗത്തു് രൂപത്തിൻെറ ആകെ മൊത്തമാണു്. അതിനെ വിരാട്ടായി കണ്ടു ധ്യാനി ക്കുവാനാണു്, അതായതു് എങ്ങും വിരാജിക്കുന്ന പ്രപഞ്ചാകാരമായ ബ്രഹ്മമായിക്കണ്ടുപാസിക്കുവാ നാണു്,ധ്യാനിക്കുവാനാണു് ആദ്യമായുള്ള നിർദ്ദേശം.

ഇതിലല്ലേ കാണുള്ളൂ സൂര്യനും, ചന്ദ്രനും, നക്ഷത്ര ജാലവും, നദിയും, നദങ്ങളും, അംബുധിപടലവും. ധ്യാനത്തിനെന്തേ രൂപത്തിനു പഞ്ഞമോ ?

എങ്കിലും മനുഷ്യനൊളിഞ്ഞു നോക്കി—ജീവി യിൽ ചൈതന്യം കളിപ്പതു്. ഇതിനെ ആസ്പദമാ ക്കിയാണു് രൂപം ഉപാസ്യമെന്നു്അവൻ ചൊന്നതു്.

ഇങ്ങനെ ജീവികളുപാസ്യമായി. അതിനാൽ രൂപവുമുപാസ്യമായി.

ഇനിയും ജീവികളുടെ ഉപാസ്യതയെപററി പറ ഞ്ഞാൽ ജീവികളുടെ ഉൽകൃഷ്ടത അറിഞ്ഞാൽ അതി ലൊരു അപാകതയുമില്ലെന്നു വ്യക്തമാകും. മററു മത സ്ഥർ പറയുംപോലെ, ആകാശം മുട്ടി നിൽക്കുന്ന സർവവ്യാപി, സർവശക്തൻ, ജഗദീശ്വരൻ അണു വിനുമണുവായ പരമാണുവിൽ പ്രവേശിക്കുവാൻ

പ്രയാസമെന്നു വരികയില്ലാ. അങ്ങനെയുള്ള ജഗദീശ്വരനു മനുഷ്യനിൽ പ്രവേശിച്ചുകൂടേ. അങ്ങനെ മനുഷ്യനിൽ പ്രവേശിക്കുന്ന സർവേശ്വരന്റെ സർവജ്ഞത്വാദികൾ വെട്ടിക്കുറയ്ക്കുമെന്നു് ഒരു ശ്രുതി ഘോഷിക്കുന്നില്ല, ആകയാൽ എല്ലാമറിഞ്ഞ ജഗദീശ്വരൻ, പരമാത്മാ,ബ്രഹ്മംകാട്ടിയ വഴിതന്നെ ശ്ലാഘനീയം. അതത്രേ അവൻ പറഞ്ഞതു് ബ്രഹ്മത്തെകാട്ടികൊടുക്കുന്ന, ബ്രഹ്മമായിതന്നെ അവശേഷിക്കുന്നുവെന്നു കാട്ടികൊടുക്കുന്ന ഗുരുതന്നെ ഉപാസ്യനെന്നു നിർദ്ദേശിക്കുന്നതു്.

അങ്ങനെ ഉപാസനയിൽ നാമമാകാം, നാമത്തെതന്നെ ശബ്ദപ്രധാനമാക്കാം, അഥവാ ധ്വനിപ്രധാനമാക്കാം, അർത്ഥപ്രധാനമാക്കാം, രൂപത്തിലേക്കു കടത്തുന്നതാക്കാം, പരിധി വിഹീനരൂപമാക്കാം, അതായതു് ആകാശം തേജസ്സ് മുതലായതു്.

ഇതുപോലെ തന്നെ വ്യക്ത്യുപാസനയും അംഗീകാര്യമാണു്. എന്തെന്നാൽ അവിടെ ജഗദീശ്വരൻ ആത്മരൂപത്തിൽ പ്രകാശിക്കകൊണ്ടു്. എന്നാലിവിടെ ഭ്രഷ്ട് പററാതെ സൂക്ഷിക്കണം. അന്യാത്മാവ് ദിവ്യവും തന്നാത്മാവ് ശപിക്കപ്പെട്ടതും എന്നു തോന്നരുതു്. ആയതുപോലെ തന്നാത്മാവ് ദിവ്യവും അന്യാത്മാ പാപകലുഷിതമെന്നുമാകരുതു്.

ആത്മാ ബോധസ്വരൂപമാണു്. അതിൽ അഴുക്കു പററുകയില്ല. ബോധേ അഴുക്കോ?

ഇവിടെയെങ്ങും വേദാന്തമായി എന്നു കരുതണ്ടാ. അറിവിനെ അറിഞ്ഞറിവായവസാനിക്കുന്നതല്ലോ വേദാന്തം.

അപരോക്ഷീകൃത ജ്ഞാനം പറയാനാവാത്തതാണ്. അതു് ജ്ഞാനമാകയാൽ വാചാമഗോചരമെന്നു ശ്രുതി.

അപരോക്ഷീകൃത ജ്ഞാനത്തിൻെറ അഗോചരതയെ ചുരുക്കി ഒക്കുന്നതുപോലെ വെളിക്കു കൊണ്ടുവരാൻ നോക്കാം. ഞാൻ ഞാനാണെന്നറിവതു് അപരോക്ഷീകൃത ജ്ഞാനമാണ്. ഞാൻ ഞാനാണെന്നറിയുന്ന ഒരറിവവശേഷിക്കുന്നുണ്ടെന്നതു് അവിതർക്കിതവുമാണ്. അതു താനായനുഭവിക്കലത്രേ അനുഭവജ്ഞാനം. ഇതിലേക്കുററു നോക്കുക, അളവററബോധം ഉദയം ചെയ്യും. ഇതും ബോധമാത്രമാവുകയില്ല. ഇങ്ങനെ അതിൽതന്നെ കഴിയലത്രേ അനുഭവഭാവം.

എന്തിനേറെ പറയുന്നു ശ്രീധരാ
ഹന്ത നീയതായ്തന്നെ ഇരിക്കെടോ
ഞാനാണു ഞാനെന്നറിയുമറിവതു്
ഞാനെന്നതറികെടോ.

ഓം

## ശ്രീ ഗുരവേ നമഃ

ജ്ഞാനത്തിന്റെ ഉച്ചകോടിയിലേക്ക് നമു ക്കെല്ലം കടക്കാം.

സമാധിയിലാണ്ടിരിപ്പവനും അറിഞ്ഞു തെളി ഞ്ഞവനും ഒരുപോലെയാണെന്നുള്ളത് സർവ സമ്മ തമാണ്. എന്നാൽ സമാധിയിലാണ്ടിരിപ്പവനും അറിഞ്ഞുതെളിയുകതന്നെയാണ് ചെയ്യുന്നത്.

. നിർവികല്പ നിലയിൽ അദ്വൈതമേർപ്പെട്ട ബോധം ബോധം നിലനില്ക്കും. നിദ്രയിൽ ആനന്ദ ത്തിലും അജ്ഞാനം നടമാടും. നിദ്രയിൽ തന്റേ തായി കിട്ടിയ ആനന്ദവും അന്യഥാ നിന്ന ബോധവും നിർവികല്പത്തിലേ കമായേപ്പെട്ടും.

നിദ്രയിൽ ബോധം കൈവിട്ടതായി കാണുന്നു വെങ്കിലും സുഖിച്ചതറികയാൽ നില നിന്നിരുന്നു എന്നു വരുന്നുണ്ട്. പക്ഷെ അതു് താൻ, തന്നെ അറി യുന്ന പോലെ അറിയുന്നില്ല.

അവിടെ പ്രത്യക്ഷാനുഭവം ഗോചരമാകുന്നില്ല. നിർവികല്പേ പ്രത്യക്ഷാനുഭവം ഗോചരമാണ്.

നിദ്ര ഈശ്വരദത്തമാണ്. നിർവികല്പം ആത്മ നിർമ്മിതമാണ്. ആത്മാ അറിയും പ്രകാരമാണ്. അറിഞ്ഞു തെളിഞ്ഞാൽ സ്വഭാവവുമാണ്.

നിദ്ര ആനന്ദാത്മകമാണ്. നിർവികല്പം രസാ ത്മകമാണ്. തന്നെ താൻ കാണുകപോലെ കാണുക

പ്രത്യക്ഷമാണ്. അതനുഭവമാണ്. നിർവികല്പത്തിൽ ജ്ഞാനവുമാനന്ദവും പ്രത്യക്ഷാനുഭവഗോചരമാണ്. നിദ്രയിലെ അറിവുപോലെ അന്യദത്തം പോലെയോ ഒളിച്ചുകളിപോലെയോ അല്ല.

സുഷുപ്തിയിൽ ബോധമുണ്ടെന്നറിയുന്നതു് ജാഗ്രത്തിലാണ്. എന്നാൽ തുരീയേ ബോധം പ്രത്യക്ഷാനുഭവമാണ്. താൻ തന്നെ അറിയുംപോലെയാണ്. അനുമാനാവശ്യമുണ്ടാകുന്നില്ല. സുഷുപ്തിയിൽ ബോധമുണ്ടായിരുന്നുവെന്നു തീരുമാനിക്കുവാൻ ജാഗ്രത്തിൽ വരണം. അനുമാനത്തെ പ്രാപിക്കണം. അവിടെ നേരിൽ പ്രത്യക്ഷമില്ല. പ്രത്യക്ഷം പ്രമാണമാണ്. അനുഭവമാണ്, സ്വഭാവവുമാണ്, അനുമാനം മിഥ്യയാ ജന്യമാണ്. ശരിയോ തെറേറാ ആകാവുന്ന, വിദ്യാമായയാ ജന്യമോ അവിദ്യാമായയാ ജന്യമോ ആകാം. ഇവിടെ വിദ്യാമായയോ ദാതാവെന്നറിയായ്കകൊണ്ടു് അംഗീകാരം പ്രയാസമായി വരാം, ആകയാൽ രണ്ടുമുപേക്ഷിക്കേണ്ടിയും വന്നേക്കാം.

ഇവിടെ പ്രത്യക്ഷമെന്നതു് ഇന്ദ്രിയവിഷയമോ അന്തഃകരണ വിഷയമോ അല്ല. ഇന്ദ്രിയ അന്തഃകരണാദി വിഷയങ്ങളെല്ലാം മിഥ്യയാജന്യമാണ്. മായ ആത്മസ്വഭാവമല്ല. ആത്മാനുഭവവുമല്ല. അതു് വെറും മിഥ്യയാണ്, ഭ്രാന്തിയാണ്, തെററിദ്ധാരണയാണ്.

രാമൻ വന്നുവെന്നു രാമൻ പറഞ്ഞാൽ അതു് പ്രത്യക്ഷസത്യമാണ്. അതിനു് ഇന്ദ്രിയങ്ങളുടെയോ അന്തഃകരണങ്ങളുടെയോ അനുമതി വേണ്ട. അതുപോലെ ആത്മാനുഭവത്തിനും അന്തഃകരണ ഇന്ദ്രിയങ്ങളുടെ അനുമതി ആവശ്യമില്ല.

എനിക്കു വിശക്കുന്നു എന്നതനുഭവ കഥനമാണ്, ആഹാരം കഴിച്ചാൽ വിശപ്പടങ്ങും എന്നതനുമാന മാണ്.

എള്ളിടതെററിയാൽ വില്ലിടമാറും എന്നതു പോലെ കുലങ്കഷമായ ചർച്ചയിൽ അല്പം വിട്ടുവീഴ്ച വളരെ അകലെ കൊണ്ടുവിടും.

തന്നെ താനറിയുന്നതിനു വിശദീകരണമില്ല. അതു പ്രത്യക്ഷ സത്യമാണ്. അതനുഭവവുമാണ്. സ്വഭാവവുമാണ്. ഇംഗ്ലീഷിലാണെങ്കിൽ അവർ 'സെൽഫ് എവിഡൻറ്'' എന്നു പറയും. ആയപോൽ അഖണ്ഡത്തെ താനറിയുന്നതിനും വിശദീകരണമാവ ശ്യമില്ല. ഇവിടെ അഖണ്ഡമെന്നു ഞാൻ പറയുന്നതു് അഖണ്ഡാകാശമായ മഹാകാശമോ അഖണ്ഡാകാര വൃത്തിയോ അല്ല. ഇവയിൽ തൻെറ ജഡമേ മറക്കൂ. മനസവശേഷിക്കും. സാക്ഷിക്കു കരുക്കാം കൊട്ടക്കാ നെന്ന വ്യാജേന. ഇതു് അഖണ്ഡാകാരവൃത്തിക്കു ഭ്രഷ്ടാണ്.

ഇപ്രകാരമെല്ലാമൊഴിഞ്ഞ

''സ്വരൂപ നഷ്ട ചിത്താസ്യ
രഖണ്ഡാകാരവൃത്തിമാൻ
ജീവന്മുക്ത ഇതിപ്രോക്ത
സർവമിത്ഥ്യാത്വ നിശ്ചയാൽ''

എന്നാൽ അഖണ്ഡൈകരസാത്മവാനെന്ന നില യിൽ എല്ലാം മറക്കും. മനസ്സും മറക്കും. ഇതിനെ പ്രാപിച്ചവൻ ബോധാനന്ദരസേ മഗ്നനായി സർവഥാ നിലകൊള്ളും.

ഈ അവസ്ഥയെ ശ്രീരാമൻ വിവരിക്കുന്നതും നമുക്ക ശരിക്കും വിചിന്തനം ചെയ്യേണ്ടതു് അത്യാവശ്യമാണു്.

''അതൃപ്തനഷ്ടചിത്താസു
രഖണ്ഡൈക രസാത്മവാൻ
വിദേഹമുക്ത സംപ്രോക്ത
സർവ വിസ്മൃതിമത്വതഃ''

പലരും ചോദിക്കാവുന്ന ഒരു ചോദ്യമാണിവിടെ എവിടെയാണു് ബോധം നിലനില്ക്കുന്നതെന്നു്. ബോധത്തിന്റെ അടിസ്ഥാനതത്ത്വങ്ങളോ ബോധത്തിന്റെ നിർവചനമോ വിവരിക്കലസാദ്ധ്യമായിരിക്കെ ഈ പരമപ്രധാനമായ വിഷയം എങ്ങനെ തൃപ്തികരമായി കൈകാര്യം ചെയ്യാമെന്നതു്വളരെ പ്രയാസമേറിയവിഷയംതന്നെയാണു്. തടി കണ്ടു പേടിച്ച തച്ചനുണ്ടോ? സംസാരസാഗരം കണ്ടു ഭയന്ന ആത്മവാനുണ്ടോ?

''ഘോരഘോരമേ സംസാരസാഗരം
ധീരധീരമേ ആത്മചൈതന്യവും.''

അത്യന്താപേക്ഷിതമല്ലെങ്കിലും ഇനിയും കൊടുക്കുന്ന ദീർഘമായ ഉദ്ധരണികൾ വേദാന്തികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

# ശ്രീരാമ ഗീത

''യസ്യ വർണ്ണാശ്രമാചാര
സ്വപ്ന ഹസ്തസ്ഥപുഷ്പവൽ
ഗളിത സ്വയമേവാത്ര
വിദേഹോ മുക്തഏവസഃ

സജ്ജനൈഃ പൂജിതേ ദേഹേ
ദുർജ്ജനൈഃ പീഡിതേപിവാ
സുഖ ദുഃഖേ നയസ്യസ്തോ
വിദേഹോ മുക്ത ഏവസഃ

ബാലോന്മത്ത പിശാചാദി
ചര്യാവാൻ യോഗിനാം വരഃ
സർവതാപ വിനിർമുക്തോ
വിദേഹോ മുക്ത ഏവസഃ

ഇദം ഭാവ വിഹീനോ യോ
സ്ത്യഹംഭാവ വിവർജ്ജിതഃ
തത്ത്വംഭാവ വിഹീനശ്ച
വിദേഹോ മുക്ത ഏവസഃ

ബ്രാഹ്മണ ക്ഷത്രിയോ വൈശ്യ
ശൂദ്രശ്ചേതിഭിദാമതിഃ
നാ ജായതേ കദാപ്യത്ര
വിദേഹോ മുക്ത ഏവസഃ

യഥാ ബധിര മൂകാന്ധ
പംഗു ഷണ്ഡ ദയസ്ഥിതാഃ
യഥാ നിരീന്ദ്രിയോ വിദ്വാൻ
വിദേഹോ മുക്ത ഏവസഃ

വ്യവഹാര ദശായസ്യ
നൈവഭാതി കദാചന
ജാഗ്രദാദി വിനിർമുക്തോ
വിദേഹോ മുക്ത ഏവസഃ

ദ്രഷ്ട ദർശന ദൃശ്യാദിഭേദഃ
പ്രാതീതികോപിവാ
യസ്യനോദേതി പൂർണ്ണാത്മാ
വിദേഹോ മുക്ത ഏവസഃ

പശു പക്ഷി മൃഗായസ്മാ
ന്നോദ്വിജന്തേപിയസ്തഥാ
തേഭ്യോ നോ ദ്വിജതേ നിത്യം
വിദേഹോ മുക്ത ഏവസഃ''

ഇത്രയും പറഞ്ഞതിൽ നിന്നു പോലും നമുക്ക് വിദേഹമുക്തൻെറ ബോധനില എന്തെന്നു വെളിപ്പെട്ടുകിട്ടിയില്ല. അടുത്തപടി അഖണ്ഡൈകരസാത്മവാൻെറയാണ്. അതിൻെറ സ്ഥിതി എങ്ങനെ എന്നു നോക്കാം.

''അഖണ്ഡൈക രസാകാര
മഖണ്ഡൈക രസാശനം
അഖണ്ഡൈക രസാസീനം
വിഷയാനസ്പൃശന്തിതം.

അഖണ്ഡൈക രസാചാരം
അഖണ്ഡൈക രസാശ്രയം
അഖണ്ഡൈക രസേ മഗ്നം
വിബുധാ പൂജയന്തിതം

അഖണ്ഡൈക രസോല്ലാസം
അഖണ്ഡൈക രസോന്മുഖം

അഖണ്ഡൈക രസേ ലീനം
വേദാന്താഘോഷയന്തിതം

അഖണ്ഡൈക രസാദന്യ
മണു മാത്രമപീക്ഷണം
യസ്യ സ്ഫൂർത്തി നൈവാത്ര
സ്ഥിതപ്രജ്ഞഃ സ ഉച്യതേ

അഖണ്ഡൈക രസ വിവരണത്തിലും അവ്യക്തമായി മാത്രം സാധാരണക്കാരനു കരുതാവുന്ന വിധത്തിൽ മാത്രമേ ബോധത്തെ വെളിപ്പെടുത്തുന്നുള്ളു. സ്ഥിതപ്രജ്ഞാവതരണത്തോടെ ബോധത്തെസ്ഫുടംചെയ്തു പറയുന്നതേവനും മനസ്സിലാക്കാൻ കഴിയും.

അഖണ്ഡൈക രസത്തിങ്കൽ നിന്നും അന്യമായണു മാത്രംപോലും ഒരു സമയത്തും വ്യതിചലിക്കാതിരിക്കുന്ന ആ മഹാത്മാവിനെയാണ് സ്ഥിതപ്രജ്ഞനെന്നു മഹത്തുക്കൾ പറയുന്നതു്. അപ്പോളഖണ്ഡൈക രസത്തിൽ നിമഗ്നനായിട്ടിരിക്കുമ്പോഴും എന്നല്ലാ എല്ലാ പ്രകാരത്തിലുമതിനെ അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴും ഒരു പ്രജ്ഞ അവനിൽ സ്ഥിരപ്രതിഷ്ഠിതമായിക്കാണാം. ഇതിനെതന്നെയാണ് ബോധം ബോധം എന്നു ശ്രീധരൻ കണക്കാക്കുന്നതു്.

ഇതിനെ ഗീത വീണ്ടും വിവരിക്കുന്നതു ശ്രദ്ധിക്കുക.

അക്ഷോഭ്യശ്ചാതിഗംഭീരോ
നിസ്തരംഗ സമുദ്രവൽ
നിശ്ചേഷ്ടോ നിർവികാരശ്ച
സ്ഥിതപ്രജ്ഞഃ സ ഉച്യതേ.

യസ്യാ ജഗര വാനിഷ്ഠാ
മേരുവച്ച വിനിശ്ചലാ

സർവവൃത്തി വിനിർമുക്തഃ
സ്ഥിത പ്രജ്ഞഃ സ ഉച്യതേ.

വിദേഹോ സ്മീതി ച പ്രജ്ഞോ
യസ്യ നൈവോപജായതേ
സ ദേഹോപി വിദേഹോയ
സ്ഥിതപ്രജ്ഞഃ സ ഉച്യതേ.

ഇവിടംകൊണ്ടു് വിദേഹമുക്തനെതന്നെ സ്ഥിതപ്രജ്ഞനെന്നും ഇവരുടെ ആന്തരിക അവസ്ഥാവിശേഷമാണു് അഖണ്ഡൈക രസാസ്വാദനാദി എന്നും നമുക്കു് വ്യക്തമായി അറിയാൻ കഴിയും. വിദേഹനും സ്ഥിതപ്രജ്ഞനും രണ്ടു വിഭാഗക്കാരെന്നു് ശ്രീരാമനും അഭിപ്രായമുള്ളതായി കാണുന്നില്ല. അതാണദ്ദേഹം വിദേഹമുക്തനെ വിവരിച്ചു വിവരിച്ചു് അതു മതിയാക്കാതെ അഖണ്ഡൈക രസാത്മവാനെ അവതരിപ്പിച്ചു് അതും മതിയാക്കാതെ സ്ഥിതപ്രജ്ഞാവതരണത്തിൽ കടന്നുകൂടുന്നതു്.

അഖണ്ഡൈക രസാദന്യം
അണുമാത്ര അപിക്ഷണം
യസ്യ സ്ഫുരതി നൈവാത്ര
സ്ഥിതപ്രജ്ഞ സ ഉച്യതേ.

ഇവിടെ ഒന്നു ശ്രദ്ധിക്കുക. വിദേഹമുക്തന്റെ ലക്ഷണംകൊണ്ടു് ബോധനില വ്യക്തമായില്ല. വീണ്ടുമവതരിപ്പിക്കുന്നതു് അഖണ്ഡൈക രസാത്മവാന്റെ വടിവാണു്, ഇവിടെ ഒടുവിൽ വ്യക്തമായും സ്ഫുടമായും പ്രജ്ഞാനഘനനായ സ്ഥിതപ്രജ്ഞൻ തന്നെയാണെന്നും അങ്ങനെ നിർവികല്പത്തിലും വിദേഹനിലും അഖണ്ഡൈക രസാത്മവാനിലും പ്രജ്ഞ പ്രധാനമായി കാട്ടി ബോധത്തെ പ്രതിഷ്ഠിക്കുന്നു.

ഇതുകൊണ്ടു വ്യക്തമാണ് നിർവികല്പത്തിലായാലും വിദേഹനിലായാലും ബോധം സ്ഥിരമായി നിലകൊള്ളുന്നുവെന്ന്. സാക്ഷിത്വമഴിഞ്ഞു് അഖണ്ഡാകാരവൃത്തിയും കടന്ന് അഖണ്ഡൈക രസാത്മവാനായി ബോധ്യപ്പെട്ടു നിലകൊംവതത്രേ ശുദ്ധമായ നിർവികല്പം. അഖണ്ഡൈക രസൈമഗ്നന് ഇതു സഹജമത്രേ.

അല്പം വിഭിന്നമായ മറ്റൊരു വശത്തേക്കു കടക്കാം.

ബുദ്ധിപൂർവം വിചാര്യേദം
യഥാ വസ്തുവ ലോകനാത്
സത്താ സാമാന്യ ബോധോയ
സ മോക്ഷ സ്യാദനന്തകഃ

പരിജ്ഞാന പരിത്യാഗോ
വാസനാനാം യ ഉത്തമഃ
സത്താ സാമാന്യ രൂപത്വാത്
സത് കൈവല്യപദം വിദുഃ

വിചാര്യാ യൈഃ സഹാ ലോക്യ
ശാസ്ത്രാണ്യ ദ്ധ്യാത്മ ഭാവനാത്
സത്താ സാമാന്യനിഷ്ഠത്വം
തത്ബദ് ബ്രഹ്മപരം വിദുഃ

ജീവനുള്ളിൽ പ്രകാശിതമായി കണ്ട അഹംഭാവത്തെ ബ്രഹ്മത്തിൽ പ്രകാശിപ്പതായ് കണ്ടാൽ ജ്ഞാനസമാധിയെന്നു പറയാം. ആ അഹംഭാവം അവിടെ ബോധത്തിൽ സ്ഥിരമായി കാണുന്നുവെങ്കിൽ ആ മഹാത്മാവിനെ സ്ഥിതപ്രജ്ഞനെന്നു പറയാം.

ജീവനിൽ കണ്ട തുച്ഛത്തെ പറിച്ചെടുത്തു ബോധാഗ്നിയാൽ ദഹിപ്പിപ്പതെപ്പോഠം അപ്പോഠം കാണും സമാധിസ്ഥൻ സ്ഥിതപ്രജ്ഞനതോക്കണം.

ഓം

## ശ്രീ ഗുരവേ നമഃ

ആരുമേ ലോകമുള്ളോരു
കാലം ജീവനം ചെയ്കയില്ലാ

ആയതുകൊണ്ടു കുഞ്ഞേ നിന്റെ
പ്രജ്ഞാനം തിളങ്ങീടും
വഴികൾ ചൊല്ലീടെടോ.

വേണ്ടതായുത്തമ മാർഗ്ഗമതേ
പിന്നൊട്ടു ജനിക്കാത്ത വിധം
കണ്ടരുളുക.

സംതൃപ്തരായി കളിച്ചു നടക്കും
പോൽ നടക്കുന്ന പ്രാജ്ഞന്മാരെ
കാണുവാൻ കൊതി തുലോം

നമിക്കും ശ്രീരാമന്റെ പാദസ്പർശ്
മതേററങ്ങണീററാ നഹല്ല്യയും
ശ്രീരാമൻ ശൈവചാപം മുറി
ച്ചു സീതയെ വേട്ടു പോലും
പരശുരാമൻ തന്റെ വൈ-
ഷ്ണവ ചാപമതു മുറിച്ചു
ങ്ങടക്കിനാൻ ഭാർഗ്ഗവ ദർപ്പമാകെ
ശ്രീകൃഷ്ണൻ വത്സസ്തേയേ കാട്ടി
നേൻ ഈശൻ മാഹാത്മ്യമാകെ
കാലങ്ങൾ മാററി കാട്ടി സൃഷ്ടികൾ
മുഴുവൻ മാററി തന്നെയും മാററി
കാട്ടി ശത്രു ഭീതനാം ബ്രഹ്മൻ
ഭയന്നോടിയതും കാട്ടി തന്നേൻ

പ്രജ്ഞാനം ബ്രഹ്മരൂപം
സുവ്യക്തൽ കാട്ടികാട്ടി
നില്ക്കാൻ ഞാനെങ്ങനാളായീടും.

രാമന്റെ മാതാവേ
കൃഷ്ണന്റെ മാതൃദേവീ
നിനക്കെല്ലാം സാധ്യമതേ

ഞാൻ ചൊല്ലാമെൻ
നിലയം സാധുനിലയം
എൻ ജന്മമതേ വര
ഞ്ഞാനാളില്ലമ്മേ,
ജന്മവാനല്ലായ്കയാൽ,

ബോധത്തിൻ നിലയനേ
അഗാധ നിലയനേ
അത്യുച്ച നിലയനേ
ആരുവാനെത്തിനോക്കാൻ.

ആരുമില്ലാരുമില്ലാരുമില്ലാ
ഘോരനിലയനേ ആരു നോക്കും,
വേദങ്ങൾ ഭയക്കുന്നു
വേദാന്തം വാഴ്ത്തിടുന്നു

ആരെടോ എത്തിനോക്കാൻ,
അത്ഭുത പ്രതിഭാസത്തെ

ചരിപ്പൂ മഹാത്മാക്കൾ,
നിർവികല്പം കടന്നോർ
ആത്മാവേ മറയ്ക്കുവാൻ
കരുക്കളവർക്കില്ലാ

സമാധി നിലനില്ക്കുന്നു
മറവവർക്കില്ലായ്കയാൽ

പക്ഷേ ആയതും പോരേ
ശ്രീധര ഹൃദയം കുളിക്കാൻ.

ജനിക്കാത്ത ബ്രഹ്മമതു്
ജനിച്ചെന്ന ഭാവം കണ്ടു്
പ്രവർത്ത്യോന്മുഖനാവാൻ
ഞാനൊട്ടും കൊതിക്കില്ലാ

രണ്ടാമതായിട്ടൊരു
കാരണമില്ലായ്കയാൽ
ഉണ്ടാകാത്തതാം ലോകേ
ജനിപ്പതെങ്ങിനെടോ.

ജനിക്കാത്തതാം പുമാൻ
കാണുമെന്നോ പ്രപഞ്ചം
ആരാണു പ്രവർത്തിക്കാൻ.

വാഴ്ത്തുക ബ്രഹ്മത്തിനെ,
നീതന്നെ ആകകൊണ്ടു്
നിൽക്കുക ബ്രഹ്മമായ്തന്നെ.

ആരെടോ ലോകമതിൽ
ബ്രഹ്മത്തെ കുലുക്കുവാൻ
ഇല്ലാത്ത പ്രപഞ്ചത്തിലാരു താൻ

ഞാൻ തന്നെ എന്നും നിൽക്കും
എന്തെല്ലാം വന്നെന്നാലും
ഞാൻ തന്നെ എന്നും നിൽക്കും
ഞാൻ ബ്രഹ്മമതാകയാൽ.

കാലമങ്ങെനിക്കില്ലാ
കാലന്നുമെനിക്കില്ലാ
സ്വച്ഛമായ് നിലകൊൾവൂ

ശ്രീധരൻ ആത്മരൂപി
ശ്രീധരൻ ബ്രഹ്മരൂപി.

ഓം

## ശ്രീ ഗുരവേ നമഃ

ശ്രീബ്രഹ്മദേവനഥ ചൊല്ലിക്കൊടുത്തതാം
ജ്ഞാന മാർഗമരുളം മോഹനം
ശ്രീവസിഷ്ഠനുടനാത്മരൂപമതു
ബോധ്യപ്പെട്ടു നിജമാക്കിനാൻ.

ലോക നന്മയതു ലക്ഷ്യമാക്കി നില
നിർത്തി വിട്ടു നിജ പുത്രനേ
ഭാരതാംബയതു ദേവി രൂപമതു
വിദ്യാരൂപം നിലകൊള്ളകയായ്.

ആദിനാഥ വടിവാന്ന പ്രിയ പുത്രനാം
ശ്രീവസിഷ്ഠനും
നിത്യനായി യുഗം നാലിലും നില
കൊണ്ടിടുന്നു ഭുവി ഭാരതേ
ആത്മരൂപമതുകണ്ടവണ്ണമറിവേകുവാൻ
കൊതിയു
മാന്നവൻ നിന്നിടുന്നു ചിരജീവിയായിയതു
മോക്ഷണം.

ആത്മ ദീപ്തിയതു വിട്ടു പോയതായ്
തോന്നി തോന്നി കേണു കേണു
കരയുന്ന കുഞ്ഞിനു്
ആത്മബോധമതു നൽകി നൽകി
യവൻ തൃപ്തി പൂണ്ടു കഴിയുന്നെടോ.

അതിലങ്ങൊരു ത്രേതയിൽ
ഭഗവാൻ രാമനായ് വന്നു
വസിഷ്ഠൻ ഗുരുവുമായിതേ

കർത്തവ്യമഖിലം തീർത്തു രാമൻ
സ്ഥിതപ്രജ്ഞനിലകൊൾകവേ

അന്നന്നങ്ങൊരു ദിനം തത്വ
ങ്ങളഖിലം തീർത്തും ഓതി
കൊടുത്താനഞ്ജനേയനായ്.
അതു കേട്ടച്ചിരം ജീവി എത്തി
നാൻ കൈവല്യപദമതേ.

സാധു ശ്രീഗോപാല ഭഗവാ
നരുളിത്തന്നാനതെനിക്കുമായ്,
അതു കേട്ടും പഠിച്ചും ധ്യാനിച്ചും
സമാധികൾ പലതനുഭവിച്ചു ഞാൻ.

ആനന്ദാതിശയമത്തനായി
ശ്രീധരൻ സാധു കഴിയവേ
ഇളകിപ്പോയാനഞ്ജനേയനും.

ഇന്ദ്രനീലപ്രഭയാണവൻ
ആകാശവടിവൊത്ത, മഹാപ്രഭു
ആനന്ദാലെത്തി ദർശനമേകുവാൻ
ദർശനം മാത്രമല്ല ശ്രവണമതും
നൽകി തൃപ്തനാക്കുവാൻ.

സാധുവിൽ സാധുവെന്നാലും
കടലങ്ങഗാധമതാകിലും
തെല്ലും ക്ഷോഭമില്ലാതെ
അത്ഭുതപ്പെട്ടി ആസ്വദിച്ചു ഞാൻ.

ചൊല്ലിപോയത്ഭുതത്തോടെ
അന്യമായ് നിന്നീടുന്നോ,
ഞാനായ്തന്നെ നില്ക്കണം.
അദ്വൈതക്കാതലാം ശ്രീധരൻ
അല്ലാതെന്തു ചൊല്ലുവാൻ!

ഇതു ചൊല്ലിതീരും മുമ്പേ
ശബ്ദിച്ചാൻ ഞാനായ് സ്ഫുടതരം ഭീകരം
ഇതോക്കുവതതിമോഹനം.

ശുദ്ധ നിർമ്മല ആത്മാവതു്
ശുദ്ധ നിർമ്മല ആത്മാവിൽ
ചേരുകെന്നതു വേണ്ടെടോ
ചേരാഴികയും വേണ്ടെടോ.

ഏകമേകമതാമങ്ങ്
ഏകമായ് തന്നെ നില്ക്കയാണ്
അന്യഥാത്വമതിനില്ല.
അഭേദ ദർശനമതു്
സഹജമായ സംഭവം,

എന്നംഗേ സ്പർശിച്ചില്ല
എൻശ്വാസമിളക്കീല്ല
അഭേദദർശന ജ്ഞാനാൽ
ഒന്നും സംഭവിക്കുവാനില്ല.

എല്ലാം ഞാൻ തന്നെയാണെടോ
എങ്കിലും മൗനഭാഷയിൽ
പറഞ്ഞുപോയി ഞാൻ
അന്യരാരാനും കേട്ടാലോ,

അങ്ങനങ്ങാ അദ്ധ്യായം
പിന്നെ കേട്ടില്ല ശബ്ദവും.

ഇതുകൂടി അറിഞ്ഞാലേ
മുൻജ്ഞാനം പൂർത്തിയായിട്ടു

പണ്ടുപണ്ടൊരു കാലത്തു്
ധർമ്മധ്വജനെന്ന രാജർഷി
വാണിരുന്നു മിഥിലയിൽ.

സന്യാസാശ്രമി അതിദിവ്യൻ
ഇന്ദ്രിയങ്ങളടക്കി താൻ
ഭരിച്ചു ധരണീതലം,
വേദാന്ത തത്വമഖിലം
പഠിച്ചാനമ്മഹാത്മാവ്
പഞ്ചശിഖ ശിഷ്യനായി
ദിവ്യനാകുമാ രാജന്റെ
പേരു വാഴ്ത്തുന്നു സർവരും.

ഇങ്ങനങ്ങനെയൊരു ദിനം
വിഖ്യാതനാം രാജൻ കഥ
കേട്ടു മോദിച്ചു സുലഭ
എന്നോരു ദിവ്യയോഗിനി
പരീക്ഷിപ്പാൻ തീച്ച് ചെയ്തു്,
തുനിഞ്ഞങ്ങിറങ്ങീടിനാൾ.
അതിവേഗത്തിലാ ദിവ്യ
റാഞ്ചാൻ തുനിയും പരുന്തു
പോൽ ചെന്നാനരമനയ്ക്കും,
പൂജിക്കപ്പെട്ടാനരചനാൽ
ചോദിച്ചാനാരാജോത്തമൻ
നീ ആരു്, ആരുടെയാണെന്നും
നാനാമഹാശയർ നില്ക്കേ,
ചോദനാനന്തരം ഭിക്ഷുകി
തൻ സത്വാൽ രാജസത്വേ
പ്രവേശിക്കാൻ മടിച്ചില്ലാ.

''ഇവന്റെ കൺ കണ്ണാൽ
രശ്മി നിരത്തീട്ടു രശ്മിയാൽ
ചോദനം ചെയ്യുവോൾ
യോഗബന്ധത്തിനാൽ ചെയ്തു ബന്ധനം''
അവർതൻ സംവാദത്തി
ലല്പം കുറിച്ചുകാട്ടാം ഞാൻ.

വറുത്ത വിത്തുകൾ മുളച്ചിടാത്ത
പോൽ ഭഗവാനാം പഞ്ചശിഖൻ
സജ്ജമാക്കി തീർത്താരെന്നെ
വിഷയത്തിൽ കിട്ടുകില്ലാ,

ഇത്തരം വീമ്പു കേട്ടിട്ട്
മറുപടിയായ് ചൊല്ലിനാനാ
മോഹനാംഗി മനോഹരി.

സത്വത്താൽ ഞാൻ നിങ്കലനു
പ്രവേശം ചെയ്തുവെങ്കിലും
നിനക്കെന്തു തെററു ചെയ്തു
നീ മുക്തനായിട്ടിരിക്കുകിൽ.
ശൂന്യമാം ഗൃഹം കണ്ടാൽ
മഹത്തുക്കൾ ഒരു രാവൊന്നു
വിശ്രമിച്ചെന്നു വന്നീടാം.
അംഗങ്ങളാലൊന്നിനാലും
നിന്നെ സ്പർശിച്ചില്ല ഞാനെടോ
നിന്നെ തൊടാതെ തന്നെ
നിന്നിൽ ഈ രാവു മുഴുവൻ
വസിക്കുന്നുണ്ടു ഞാൻ നൃപാ.
ഇങ്ങനക്കഥ നില്ക്കട്ടെ
ചൊല്ലീടാമെൻ നിലയത്ത്.

എത്ര എത്ര മഹത്തുക്കൾ
ഞാനായ് തന്നെ നില്ക്കുന്നു.
അന്യനങ്ങിവിടെയില്ല
അത്ഭുതപ്പടി നില്പു ഞാൻ
കുരവ പൂവിൽ നിന്നിട്ട്
തീക്കണങ്ങൾ കണക്കിനേ
പ്രശോഭിച്ചു തിളങ്ങുന്നു
അത്ഭുതപ്പടി അങ്ങിനെ

ബ്രഹ്മം പൂർണ്ണമതാണെല്ലോ
അതിൽ പ്രശോഭിച്ചു കണ്ടീടും
മഹത്തുക്കളവർ പൂർണ്ണം താൻ
അവർ ഞാനാം ബ്രഹ്മമത്രേ
ഇതു കേട്ടങ്ങനുഢാളിച്ചാൽ
ഫലമില്ല മഹാമതേ
സത്യം ഞാൻ വചിക്കുന്നേൻ
കേട്ടിട്ടങ്ങു തെളിയുക.

''യാവാൻ വാ അയമാകാശ സ്താവാനേഷോ
അന്തർ ഹൃദയാകാശഃ ഉഭേ അസ്മിൻ ദ്യാവാ
പൃഥിവീ അന്തരേവ സമാഹിതേ ഉഭാവഗ്നിശ്ച
വായുശ്ച, സൂര്യാചന്ദ്രമസാവുഭൗ
വിദ്യുന്നക്ഷത്രാണിയച്ചാസ്യേഹാസ്തിയച്ച
നാസ്തി സർവം തദസ്മിൻ സമാഹിതമിതി''

ഇങ്ങനങ്ങാ സത്യമിരിക്കേ
ആത്മവാനവനെന്തിന്
സംശയം നിലനിറുത്തണം
സംശയാത്മാവിനശ്യതി.

അദ്വൈത നിലയതിങ്കൽ
ഏകമായ്തന്നെ കാണുമേ
കാണുവതു സാദ്ധ്യമത്രേ.
കാണുവതു സത്യമത്രേ.

ആനന്ദോഹം

## ഓം ശ്രീ ഗുരുവേ നമഃ

സത്യമെന്ത്? സങ്കല്പിക്കാതിരിക്കുമ്പോൾ കണ്ടെത്തുന്നത്. സങ്കല്പിക്കാതിരുന്നാൽ അവശേഷിക്കുന്നത്.

ജ്ഞാനമെന്ത്? കണ്ടെത്തിയ സത്യം ഞാനെന്നറിയുന്നത്.

ആനന്ദമെന്ത്? കണ്ടെത്തിയ സത്യം താനെന്നറിയുമ്പോൾ ഉദയം ചെയ്യുന്നത്.

മോക്ഷമെന്ത്? ബന്ധമില്ലെന്നറിയുന്നത്.

ബന്ധമെന്ത്? ഇല്ലാത്തതുണ്ടെന്നു തോന്നുന്നത്:

ഭ്രാന്തിയെന്ത്? അതുതന്നെ ഭ്രാന്തി

അവിദ്യയെന്ത്? അതുതന്നെ അവിദ്യ

വിദ്യയെന്ത്? ഉള്ളതുണ്ടെന്ന തോന്നലത്രേ.

അനുഭവമെന്ത്? ഉള്ളതായിരുപ്പത്.

എണ്ണെങ്ങീ ജീവജാലം, നക്ഷത്രവ്യൂഹങ്ങളും, ആകാശഗംഗതാനും. ആരുതാനെണ്ണിതീർക്കും, ധ്രുവനും, സപ്തർഷിയും, സൂര്യനും, ചന്ദ്രനും, ചൊവ്വായും, ബുധനും, വ്യാഴനും, വെള്ളിയും, നക്ഷത്രം ഇരുപത്തേഴും, ആരുതാനറിഞ്ഞുതീർക്കും ആകാശഗംഗയതോ ആരുതാനോർത്തുതീർക്കും- മാനസമേ നീയോ വലിയവൻ, നീയോ അജയ്യൻ ? അനന്തവിശാലതയേ ആരുതാൻ വിഴുങ്ങും ?

മഹാസാഗരമഗസ്ത്യൻ കുടിച്ചു.
പ്രപഞ്ചമഹാസാഗരമേ നിന്നെ ആർ വിഴുങ്ങും?
അവൻ ആരാണ്!
അവൻെറ പേർ ആത്മാവെന്നോ!
അതോ ബ്രഹ്മമെന്നാ,
നാദമേ നീ തള്ളിപ്പോയി,
ജ്യോതിസേ നിന്നെ കടത്തിവെട്ടി,
ജ്യോതിസാം ജ്യോതിസായി,
ജ്യോതിസാം ജ്യോതിർ രൂപം.
നിശ്ശബ്ദം ബ്രഹ്മ ലക്ഷണം.

**ഓം തത് സത്**